## പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

## ഏഴാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## എഴാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

849/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1- 10 |
| അനുബന്ധം (തിരുത്തൽ വിജ്ഞാപനങ്ങൾ) | - | 11 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. എം.എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി, 11-3-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 ജൂൺ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം -I

പതിനാലാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ട്, 2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റിൻ കീഴിൽ 2011-2017 കാലയളവിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ-കൾ സമിതി സൂക്ഷ്മപരിശോധന നടത്തുകയും അതിന്റെ ഭാഗമായി നിയമം, സാംസ്കാരിക കാര്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളുമായിരുന്ന റിപ്പോർട്ടിലെ 3 മുതൽ 23 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെട്ടിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും 8-2-2022-ലെ കത്ത് മുഖേന ലഭിച്ച നടപടിപത്രിക 11-3-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം-II

### സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ , സർക്കാർ മറുപടി എന്നിവ

ശിപാർശ (ഖണ്ഡിക 3)

The Kerala Ancient Monuments and Archaeological Sites and Remains Act, 1968 എന്നതിന്റെ മലയാള തർജ്ജമ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് ആണെന്നിരിക്കെ 328/2014, 518/2014, 588/2014, 797/2015, 103/2016, 139/2016, 159/2016, 418/2016, 216/2017 എന്നീ എസ്.ആർ.ഒ.-കളിൽ പലവിധ രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി, ഒരു ആക്റ്റിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന എല്ലാ എസ്.ആർ.ഒ.-കളിലും ആക്റ്റിന്റെ ശരിയായ പേര് ഒരേ രീതിയിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മേലിൽ പുറപ്പെടുവിക്കുന്ന എല്ലാ എസ്.ആർ.ഒ-കളിലും ആക്റ്റിന്റെ ശരിയായ പേര് രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.

### ശിപാർശ (ഖണ്ഡിക 4)

### എസ്.ആർ.ഒ.നം.520/2011

(1968-ലെ The Kerala Ancient Monuments and Archaeological Sites and Remains Act-ലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലുള്ള വില്ലിയാപ്പള്ളി വില്ലേജിലെ 'ലോകനാർകാവ് ഭഗവതി ക്ഷേത്രം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എസ്.ആർ.ഒ.-യുടെ പീഠികയിലും വിശദീകരണക്കുറിപ്പിലും സ്മാരകം ഏറ്റെടുക്കുന്നത് സംബന്ധിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 1968 തീയതി 16-9-2009 എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ എസ്.ആർ.ഒ.-യുടെ മലയാളം പതിപ്പിന്റെ പീഠികയിലും വിശദീകരണക്കുറിപ്പിലും ഗസറ്റ് നമ്പർ 1698 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരേ എസ്.ആർ.ഒ-യുടെ ഇംഗ്ലീഷ്, മലയാളം പതിപ്പുകളിൽ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കണ്ടെത്തിയ സമിതി ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 5)

### എസ്.ആർ.ഒ.നം.566/2012

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ പാതായ്ക്കര വില്ലേജിൽ സ്ഥിതിചെയ്യുന്ന 'എരവിമംഗലം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തെ' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എസ്.ആർ.ഒ.-യുടെ പീഠികയിലെ രണ്ടാമത്തെ വരിയിലും വിശദീകരണക്കുറിപ്പിന്റെ അവസാനത്തെ വരിയിലും സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള ആക്റ്റിന്റെ വകുപ്പ് 'sub section (3) of Section 4' എന്നതിന് പകരം 'sub section (1) of Section 4' എന്ന് തെറ്റായി ചേർത്തിരിക്കുന്നു. മലയാള പരിഭാഷയിലും ആക്റ്റിലെ വകുപ്പ് തെറ്റായി പരാമർശിച്ചിട്ടുണ്ട്.

ആക്റ്റിന്റെ വകുപ്പ് തെറ്റായി അച്ചടിച്ചുവരുന്നത് ഗുരുതരമായ ഒരു വീഴ്ചയാണെന്ന് അഭിപ്രായപ്പെട്ട സമിതി ഇത് സംബന്ധിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 6)

എസ്.ആർ.ഒ. നം.295/2013

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കുറ്റ്യാടി വില്ലേജിലെ കുറ്റ്യാടി സബ്‍രജിസ്ട്രാർ ആഫീസ് പഴയ കെട്ടിടം പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

(i) എസ്.ആർ.ഒ-യുടെ പീഠികയിൽ 'കുറ്റ്യാടി സബ്‍രജിസ്ട്രാർ ആഫീസ് കെട്ടിടം പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന സംരക്ഷിത സ്മാരകമായി ഇതിനാൽ പ്രഖ്യാപിക്കുന്നു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പട്ടികയിലും വിശദീകരണക്കുറിപ്പിലും വിവരിച്ചിരിക്കുന്നത് പ്രകാരം 'പഴയ കുറ്റ്യാടി സബ്‍രജിസ്ട്രാർ ആഫീസ് ' കെട്ടിടമാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിരിക്കുന്നത്.

(ii) പീഠികയിലെ 3-ാമത്തെ വരിയിലെ 'അധികാരങ്ങൾ' എന്നതിന് 'ആധികാരങ്ങൾ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

ആയതിൽ 'കുറ്റ്യാടി സബ്‍രജിസ്ട്രാർ ആഫീസ് കെട്ടിടം' എന്നത് 'പഴയ കുറ്റ്യാടി സബ്‍രജിസ്ട്രാർ ആഫീസ് കെട്ടിടം' എന്നും പീഠികയിലെ 'ആധികാരങ്ങൾ' എന്നത് 'അധികാരങ്ങൾ' എന്നും തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 7)

എസ്.ആർ.ഒ.നം.394/2013

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വില്ലേജിലെ തിരൂരങ്ങാടി താലൂക്കാഫീസ് കെട്ടിടം, വില്യം ജോൺ ഡങ്കൺ റൗളേയുടെ ശവക്കല്ലറ, തിരൂരങ്ങാടി സബ്‍രജിസ്ട്രാർ ഓഫീസ് കെട്ടിടം എന്നിവ പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എ) എസ്.ആർ.ഒ-യുടെ പീഠികയിലെ രണ്ടാമത്തെ വരിയിൽ ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് എന്നും ആക്റ്റിന്റെ നമ്പർ (1968-ലെ 26) എന്നും രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമാണ്.

ബി) പ്രസ്തുത എസ്.ആർ.ഒ-യിലെ പീഠികയിലും, വിശദീകരണക്കുറിപ്പിലും (1969-ലെ 26) എന്നതിന് പകരം (1968-ലെ 26) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എസ്.ആർ.ഒ-യിൽ വരുന്ന ഇത്തരം തെറ്റുകൾ ആവർത്തിയ്ക്കാതിരിക്കുവാൻ വകുപ്പ് ശ്രദ്ധിക്കണമെന്നും ആയവ സംബന്ധിച്ച തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 8)

എസ്.ആർ.ഒ. നം.449/2013

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ 'തിരുമിറ്റക്കോട് വില്ലേജിലെ

തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എസ്.ആർ.ഒ-യുടെ ഇംഗ്ലീഷ് പതിപ്പിന്റെ പീഠികയിൽ ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. പീഠികയിലെ രണ്ടാമത്തെ വരിയിൽ ..... subsection (1) of Section 4 of the ..... എന്നും, പീഠികയിലെ അവസാനത്തെ വരിയിൽ subsection (3) of Section 4 of the said Act എന്നുമാണ് ചേർത്തിരിക്കുന്നത്.

ആയതിനാൽ സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്ന രണ്ടാമത്തെ വരിയിൽ subsection (3) of Section 4 എന്നും നോട്ടീസ് നൽകിയതിനെ പ്രതിപാദിക്കുന്ന അവസാനത്തെ വരിയിൽ subsection (1) of Section 4 of the Act എന്നും തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 9)

എസ്.ആർ.ഒ. നം.455/2014

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ വഞ്ചിയൂർ വില്ലേജിലെ 'സരസ്വതിവിലാസം കൊട്ടാരം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എസ്.ആർ.ഒ. (മലയാളം പരിഭാഷ)-യുടെ പീഠികയിലെ രണ്ടാമത്തെ വരിയിൽ സ്മാരകം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആക്റ്റിന്റെ വകുപ്പ് '4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ എസ്.ആർ.ഒ-യുടെ പീഠികയിലെ രണ്ടാമത്തെ വരിയിൽ ആക്റ്റിന്റെ വകുപ്പ് '4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം' എന്ന് തിരുത്തൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 10)

എസ്.ആർ.ഒ. നം.518/2014

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ കടക്കരപ്പള്ളി വില്ലേജിൽ സ്ഥിതിചെയ്യുന്ന 'ശ്രീ ഇട്ടി അച്യുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എസ്.ആർ.ഒ-യുടെ ഇംഗ്ലീഷ് പതിപ്പിന്റെ പീഠിക പൂർണ്ണമല്ല. ഇംഗ്ലീഷ് പരിഭാഷയുടെ പീഠികയിലെ അഞ്ചാമത്തെ വരിയിൽ Kadakkarappally Village എന്നതിന് ശേഷം "Cherthala Taluk, Alappuzha District and more particularly described hereunder" എന്ന് ചേർത്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 11)

എസ്.ആർ.ഒ. നം.588/2014

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ വടക്കൻപറവൂർ

താലൂക്കിലെ വടക്കൻപറവൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന 'ജ്യൂയിഷ് സിനഗോഗ് (യഹൂദപ്പള്ളി)' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

എ) എസ്.ആർ.ഒ.(മലയാളം പരിഭാഷ)-യുടെ പീഠികയിലെ നാലാമത്തെ വരിയിൽ വടക്കൻപറവൂർ വില്ലേജിൽ 'വടക്കൻപറവൂർ താലൂക്കിൽ എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന ജ്യൂയിഷ് സിനഗോഗ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന് പകരം "എറണാകുളം ജില്ലയിൽ വടക്കൻ പറവൂർ താലൂക്കിൽ വടക്കൻ പറവൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ജ്യൂയിഷ് സിനഗോഗ്" എന്ന് മാറ്റണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ബി) എസ്.ആർ.ഒ-യിൽ (മലയാളത്തിലും ഇംഗ്ലീഷിലും) ഏറ്റെടുക്കുന്ന സ്ഥലത്തിന്റെപേര് "ജ്യൂയിഷ് സിനഗോഗ് (യഹൂദപ്പള്ളി)"എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ പട്ടികയിൽ "വടക്കൻ പറവൂർ ജ്യൂയിഷ് സിനഗോഗ് (യഹൂദപ്പള്ളി)" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ എസ്.ആർ.ഒ-യുടെ ഇംഗ്ലീഷ്, മലയാളം പകർപ്പിലെ പീഠികയിൽ "ജ്യൂയിഷ് സിനഗോഗ്" എന്നീ വാക്കുകൾക്കു മുൻപിൽ "വടക്കൻ പറവൂർ" എന്ന വാക്കുകൾ ചേർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സി) എസ്.ആർ.ഒ-യുടെ മലയാളം പരിഭാഷയുടെ വിശദീകരണക്കുറിപ്പിൽ പ്രാഥമിക വിജ്ഞാപനത്തിന്റെ തീയതി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഡി) എസ്.ആർ.ഒ-യുടെ മലയാളം പരിഭാഷയുടെ വിശദീകരണക്കുറിപ്പിൽ, സ്മാരകത്തെ സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നത് സംബന്ധിച്ച ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ എസ്.ആർ.ഒ. നം.588/2014 തീയതി 26-9-2014-ലെ മേൽ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 12)</u>

<u>എസ്.ആർ.ഒ. നം.328/2015</u>

(ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ എടവക വില്ലേജിൽ സ്ഥിതിചെയ്യുന്ന 'മാനന്തവാടി പള്ളിയറ ശ്രീ ഭഗവതി ക്ഷേത്രം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്.ആർ.ഒ.)

(എ)എസ്.ആർ.ഒ-യുടെ രണ്ടാം പേജിലെ പട്ടികയിൽ 'സ്മാരകത്തിന്റെ പേരും സ്ഥലത്തിന്റെ വിസ്തീർണ്ണവും' എന്ന കോളത്തിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 0.1983 എന്നു മാത്രമാണ്. എസ്.ആർ.ഒ-യുടെ ഇംഗ്ലീഷ് പരിഭാഷയിൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ '0.1983 ഹെക്ടർ' എന്ന വാക്ക് കൂടി ചേർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ബി)എസ്. ആർ. ഒ.(മലയാളം പരിഭാഷ)-യുടെ വിശദീകരണക്കുറിപ്പിൽ സ്മാരകം സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖാപിക്കുന്നത് സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 2014 ജൂലൈ 31-ാം തീയതിയിലെ ജി. ഒ. (ആർ. ടി.) നം. 63/2014/സാം.കാ.വ. എന്ന് ചേർത്തിരിക്കുന്നു. എന്നാൽ പീഠികയിൽ ആയത് ജി. ഒ. (ആർ.ടി.) നം.363/2014/സാം.കാ.വ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(സി)എസ്. ആർ. ഒ- യുടെ (മലയാളം പരിഭാഷ) വിശദീകരണക്കുറിപ്പിൽ, സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖാപിക്കുന്നത് സംബന്ധിച്ച ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

പ്രസ്തുത എസ്. ആർ. ഒ-യിൽ സമിതി ചൂണ്ടിക്കാട്ടിയിട്ടുള്ള തെറ്റുകൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 13)

എസ്. ആർ. ഒ. നം.797/2015

(ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ചേന്ദമംഗലം വില്ലേജിൽ സ്ഥിതിചെയ്യുന്ന 'പാലിയം കോവിലകവും പാലിയം നാലുകെട്ടും' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്.ആർ.ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ, സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 14)

എസ്. ആർ. ഒ. നം.103/2016

(ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന 'കാമ്പിത്താൻ കൽമണ്ഡപം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്. ആർ. ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 15)

എസ്. ആർ. ഒ. നം.139/2016

(ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന 'പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്. ആർ. ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 16)

എസ്. ആർ. ഒ. നം.156/2016

(ആക്ടിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് വില്ലേജിൽ സ്ഥിതിചെയ്യുന്ന 'പെരുമ്പടപ്പ് വലിയ കിണർ' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്.ആർ.ഒ-യുടെ പീഠികയിൽ 'പെരുമ്പടപ്പ് വലിയ കിണർ' സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നം.511/2015/സാം. കാ.വ.-ന്റെ തീയതി 2015 ഒക്ടോബർ 3 എന്നും വിശദീകരണക്കുറിപ്പിൽ ആയത് 2015 ഒക്ടോബർ 30 എന്നും സൂചിപ്പിച്ചിരിക്കുന്നു.

എസ്. ആർ. ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത അപാകതകൾ പരിഹരിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 17)

എസ്. ആർ. ഒ. നം.418/2016

(ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ സ്ഥിതിചെയ്യുന്ന 'വിഴിഞ്ഞം ശിലാക്ഷേത്രം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്. ആർ. ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 18)

എസ്. ആർ. ഒ. നം.455/2016

(ആക്റ്റിന്റെ 4-ാം വകുപ്പ്(3)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ ചെമ്പൂക്കാവ് വില്ലേജിൽ സ്ഥിതിചെയ്യുന്ന 'എരട്ടച്ചിറ കോവിലകം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്.ആർ.ഒ-യുടെ (മലയാളത്തിലുള്ളത്) വിശദീകരണക്കുറിപ്പിൽ, സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, ആക്റ്റിലെ വകുപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ വകുപ്പ് വ്യക്തമാക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 19)

എസ്. ആർ. ഒ. നം.216/2017

(ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ പാണപ്പുഴ വില്ലേജിൽ സ്ഥിതിചെയ്യുന്ന 'പഴയ ജയിൽ മന്ദിരം' പ്രസ്തുത ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള എസ്. ആർ. ഒ.)

എസ്. ആർ. ഒ-യുടെ ആദ്യ പേജിൽ സർക്കാർ ഉത്തരവിന്റെ ചുരുക്ക രൂപം 'സി. ഉ.' എന്ന് രേഖപ്പെടുത്തിയിരുക്കുന്നു. ആയത് 'സ. ഉ.' എന്ന് മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 4 -19)

സമിതി ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ ഒഴിവാക്കി ചുവടെ ചേർക്കുന്ന എസ്.ആർ.ഒ.നമ്പർ പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(SRO-924/2021, 925/2021, 951/2021, 944/2021, 932/2021, 957/2021, 952/2021, 945/2021, 946/2021, 933/2021, 934/2021, 935/2021, 936/2021, 937/2021, 938/2021)

ശിപാർശ (ഖണ്ഡിക 20)

The Kerala Ancient Monuments And Archaeological Sites and Remains Act 1968 -ന്റെ 4-ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം

whereas the Government are of opinion that any ancient monument or archaeological site and remains should be declared to be a protected monument or protected area as the case may be, they may by notification give two months notice of their intention to declare such ancient monument or archaeological site and remains to be a protected monument or a protected area as the case may be ........... എന്നും ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം

'On expiry of the said period of two months the Government may after considering the objections if any received by them, the ancient monument or the archaeological site and remains to be a protected monument or a protected area as the case may be' എന്നും സൂചിപ്പിച്ചിരിക്കുന്നു.

എന്നാൽ പ്രസ്തുത ആക്റ്റിൻകീഴിൽ 2011 മുതൽ 2017 വരെ പുറപ്പെടുവിച്ചിട്ടുള്ള എസ്. ആർ. ഒ-കളിൽ പ്രാചീന സ്മാരകങ്ങൾ ഏറ്റെടുക്കുന്നതിനായി നോട്ടീസ് നൽകിയതിനും അവ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും യാതൊരു ആക്ഷേപവും ലഭിക്കാത്ത അവസരത്തിൽ 4 മാസം മുതൽ $3\,^1/_2$ വർഷം വരെയും, ആക്ഷേപം ലഭിച്ച അവസരത്തിൽ (എസ്. ആർ. ഒ. നം.588/2014, 301/2015)

16 വർഷത്തോളവും കാലതാമസം വേണ്ടിവന്നതായി സമിതി കണ്ടെത്തുകയും കാലതാമസം ഉണ്ടായതിന്റെ കാരണം സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഭാവിയിൽ ഇത്തരം കാലതാമസം ഉണ്ടാകാതെ സമയബന്ധിതമായി എസ്. ആർ. ഒ-കൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2011 മുതൽ 2017-വരെ പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ-കളിൽ പ്രാചീന സ്മാരകങ്ങൾ ഏറ്റെടുക്കുന്നതിനായി നോട്ടീസ് നൽകിയതിനുശേഷം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനം ആക്റ്റിൻപ്രകാരം സ്മാരകത്തിൽ പതിച്ചു നടത്തുന്നതിന് റവന്യൂ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ച് ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഈ നടപടി ക്രമങ്ങളിലുള്ള കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്ഷേപങ്ങൾ ഉണ്ടാകുന്ന കേസുകളിൽ പരാതിക്കാരെ നേരിൽ കേൾക്കുകയും അവർ ഉന്നയിക്കുന്ന വിഷയങ്ങളിൽ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടിയും വരാറുണ്ട്. ചില കേസുകളിൽ കോടതികളുടെ ഭാഗത്ത് നിന്ന് സ്റ്റേ ഉത്തരവുകളും ഉണ്ടാകാറുണ്ട്. ഇത്തരം കാലതാമസം പരമാവധി ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ശിപാർശ (ഖണ്ഡിക 21)</u>

എസ്.ആർ. ഒ. നം.328/2015, 797/2015, 103/2016, 139/2016, 418/2016, 455/2016 എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷയുടെ വിശദീകരണ കുറിപ്പിൽ സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന ആക്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച മലയാളം പരിഭാഷയുടെ വിശദീകരണക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടില്ല എന്നു കണ്ടെത്തിയ സമിതി, ഇത്തരം അപാകതകൾ ഭാവിയിൽ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്ക് കരട് സർക്കാരിൽ സമർപ്പിക്കുമ്പോൾ വിശദീകരണക്കുറിപ്പിൽ മലയാളത്തിലും ഇംഗ്ലീഷിലും ആക്റ്റ് സംബന്ധിച്ച് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 23)</u>

എറണാകുളം ജില്ലയിൽ മാത്രം ഏകദേശം 180 മുതൽ 200 വരെ സംരക്ഷിത സ്മാരകങ്ങൾ ഉണ്ടെന്നും 1985-ന് ശേഷം ഒരു തസ്തികപോലും സൃഷ്ടിച്ചിട്ടില്ലെന്നും സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷിത പ്രവർത്തികൾ കാലാകാലങ്ങളിൽ നടത്തുന്നതിന് ഫീൽഡ് സ്റ്റാഫ് ആവശ്യമാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ കാലാകാലങ്ങളിൽ നടത്തുന്നതിന് ആവശ്യമായ ഫീൽഡ് സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്മാരകങ്ങളുടെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി വകുപ്പിൽ 2012-ൽ 6 ഓവർസിയർ തസ്തികകളും 2017-ൽ രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ സ്മാരകങ്ങളുടെ ദൈനംദിന പരിപാലനവും സംരക്ഷണവുമായി ബന്ധപ്പെട്ട് ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാരെ നിയോഗിച്ചാണ് നിലവിൽ നടപടികൾ സ്വീകരിക്കുന്നത്. സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തി താമസംവിനാ സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാക്കി ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

**എം. എം. മണി,**
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# 11

## അനുബന്ധം

## അനുബന്ധം

അനുബന്ധം

കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2021 ഡിസംബർ 13<br>13th December 2021<br>1197 വൃശ്ചികം 28<br>28th Vrischikam 1197<br>1943 അഗ്രഹായനം 22<br>22nd Agrahayana 1943 | നമ്പർ<br>No. | 3620 |

## കേരള സർക്കാർ

സാംസ്കാരിക കാര്യ (ബി) വകുപ്പ്

## തിരുത്തൽ വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 5/2021/സാം.കാ.വ.

*തിരുവനന്തപുരം, 2021 ഒക്ടോബർ 27*
*1197 തുലാം 11*
*1943 കാർത്തികം 5.*

**എസ്. ആർ. ഒ. നമ്പർ 924/2021**

2016 ജനുവരി 30-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 02/2016/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 15-ാം തീയതിയിലെ 368-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 139/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ "സ്മാരകത്തെ സംരക്ഷിത സ്മാരകമായി" എന്നത് "സ്മാരകത്തെ പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സംരക്ഷിത സ്മാരകമായി" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-19)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2016 ജനുവരി 30-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 02/2016/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 15-ാം തീയതിയിലെ 368-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 139/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ വന്ന പിശക് തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 202[redacted]

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.12.15 08:34:02 +05:30

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2021 ഡിസംബർ 13<br>13th December 2021<br>1197 വൃശ്ചികം 28<br>28th Vrischikam 1197<br>1943 അഗ്രഹായനം 22<br>22nd Agrahayana 1943 | നമ്പർ<br>No. | 3621 |

### കേരള സർക്കാർ

സാംസ്കാരിക കാര്യ (ബി) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 6/2021/സാം.കാ.വ.

*തിരുവനന്തപുരം, 2021 ഒക്ടോബർ 27*
*1197 തുലാം 11*
*1943 കാർത്തികം 5.*

എസ്. ആർ. ഒ. നമ്പർ 926/2021

2013 മാർച്ച് 30-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 22/2013/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1047-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 295/2013 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ പീഠികയിൽ "ആധികാരങ്ങൾ" എന്നത് "അധികാരങ്ങൾ" എന്നും "കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം" എന്നത് "പഴയ കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം" എന്നും വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-19)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2013 മാർച്ച് 30-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 22/2013/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1047-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 295/2013 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ പീഠികയിൽ വന്ന പിശകുകൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 202[redacted]

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.12.13 08:34:34 +05:

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഡിസംബർ 15<br>15th December 2021<br>1197 വൃശ്ചികം 30<br>30th Vrischikam 1197<br>1943 അഗ്രഹായനം 24<br>24th Agrahayana 1943 | നമ്പർ<br>No. | 3663 |

### കേരള സർക്കാർ

### സാംസ്കാരിക കാര്യ (ബി) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 9/2021/സാം.കാ.വ.

*തിരുവനന്തപുരം, 2021 ഒക്ടോബർ 27*
*1197 തുലാം 11*
*1943 കാർത്തികം 5.*

**എസ്. ആർ. ഒ. നമ്പർ 932/2021**

2016 ജൂൺ 24-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 05/2016/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2016 ജൂലൈ 2-ാം തീയതിയിലെ 1167-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 455/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ "സ്മാരകത്തെ സംരക്ഷിത സ്മാരകമായി" എന്നത് "സ്മാരകത്തെ പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സംരക്ഷിത സ്മാരകമായി" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2016-19)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2016 ജൂൺ 24-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 05/2016/സാം.കാ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2016 ജൂലൈ 2-ാം തീയതിയിലെ 1167-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 455/2016 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ വന്ന പിശക് തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 202

Digitally signed by [illegible]
Date:2021.12.16 09:41 [illegible]

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

© കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധന്‍<br>Thiruvananthapuram,<br>Wednesday | 2021 ഡിസംബര്‍ 15<br>15th December 2021<br>1197 വൃശ്ചികം 30<br>30th Vrischikam 1197<br>1943 അഗ്രഹായനം 24<br>24th Agrahayana 1943 | നമ്പര്‍<br>No. 3665 |



GOVERNMENT OF KERALA

**Cultural Affairs (B) Department**

ERRATA

G.O. (P) No. 14/2021/CLAD.

*Dated, Thiruvananthapuram, 27th October, 2021*
*11th Thulam, 1197*
*5th Karthika, 1943.*

**S. R. O. No. 933/2021**

